2. സ്കൂൾ/കോളേജ് സംസ്കൃത അദ്ധ്യാപകർക്കുള്ള പരിശീലന കോഴ്സുകൾ.

3. സംസ്കൃത സെമിനാറിന്റെ നടത്തിപ്പ്.

4. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള 'പ്രാരംഭം', മുതിർന്ന വർക്കുള്ള 'അനൗപചാരിക' എന്നീ കോഴ്സുകളുടെ നടത്തിപ്പ്.

5. സംസ്കൃത സർവ്വകലാശാലയിലും സംസ്കൃത കോളേജുകളിലും പണ്ഡിതന്മാരെ നിയമിക്കൽ.

6. കൂടിയാട്ടത്തിന്റെ ചിത്രീകരണവും അനുബന്ധ പ്രവർത്തനങ്ങളും.

7. അപൂർവ്വവും ഇതുവരെ പ്രസിദ്ധീകരിക്കാത്തതുമായ താളിയോല ഗ്രന്ഥങ്ങളുടെ ശേഖരണവും സംരക്ഷണവും.

മുകളിൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സംസ്കൃത സർവ്വകലാശാല നേരത്തെ തുടങ്ങി കഴിഞ്ഞു. ഈ വർഷത്തിനുള്ളിൽ തന്നെ എല്ലാ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി എല്ലാവിധ നടപടികളും എടുത്തിട്ടുണ്ട്.

(സി) 1. 1997-98 വർഷത്തിൽ ലഭിച്ച 4.75 ലക്ഷം രൂപ മുഴുവനായും ചെലവഴിച്ചു.

2. 1998-99 വർഷത്തിൽ ലഭിച്ച 18.82 ലക്ഷം രൂപയിൽ 14.50 ലക്ഷം രൂപയും ചെലവഴിച്ചു കഴിഞ്ഞു. സംസ്കൃത പാഠശാലകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനായി ലഭിച്ച തുക (4.32 ലക്ഷം) യോഗ്യതയുള്ള സ്ഥാപനങ്ങളുടെ അഭാവംമൂലം സർവ്വകലാശാലയ്ക്ക് നടപ്പിലാക്കാനായില്ല. ഈ തുക ഗവൺമെന്റ് അക്കൗണ്ടിലേക്ക് തിരിച്ചടച്ചു.

3. 2000-01 വർഷത്തിലെ സംസ്കൃത പ്രചാരണ വർഷമായി ആചരിക്കാൻ ലഭിച്ച തുക 27-12-2001-നാണ് ലഭിച്ചതെങ്കിലും 2001-02 വർഷത്തിൽ ഈ പരിപാടികൾ ഏകദേശം നടപ്പിലാക്കുകയും ബാക്കിയുള്ള തുക ഉപയോഗിച്ച് അടുത്തു തന്നെ ഒരു സംസ്കൃത സെമിനാർ നടത്തുവാനും പരിപാടിയുണ്ട്.

**കാലടി സംസ്കൃത സർവ്വകലാശാലയ്ക്ക് സാമ്പത്തിക സഹായം**

**147 (3708)** ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് യു.ജി.സി.-യുടെ 12 ബി അനുസരിച്ചുള്ള സാമ്പത്തിക സഹായം അനുവദിച്ചു കിട്ടിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ നാളിതുവരെയായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സാമ്പത്തിക സഹായം കിട്ടുന്നതിനു വരുന്ന കാലതാമസം എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) സാമ്പത്തിക ബുദ്ധിമുട്ട് കാരണം സർവ്വകലാശാലയുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സംസ്കൃത സർവ്വകലാശാലയിൽ ആവശ്യമായ അദ്ധ്യാപക തസ്തികകൾ ഇല്ലാതിരുന്നതാണ് യു.ജി.സി-യുടെ ധനസഹായം ലഭിക്കാതിരുന്നതിനുള്ള പ്രധാന കാരണം. ഇപ്പോൾ സർവ്വകലാശാല ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇവയിൽ നിയമനം നടത്തുന്നതിനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. ആയത് രേഖാമൂലം യു.ജി.സി.-യെ അറിയിച്ചിട്ടുമുണ്ട്.

(ഡി) സാമ്പത്തിക ബുദ്ധിമുട്ട് കാരണം സർവ്വകലാശാലയുടെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കാലടി സംസ്കൃത സർവ്വകലാശാലയിൽ അനധികൃത നിയമനം**

**148 (3709)** ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാലടി സംസ്കൃത സർവ്വകലാശാലയിൽ എത്ര സെക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട് ;

(ബി) എത്രപേരെ നിയമിക്കുന്നതിനാണ് സിൻഡിക്കേറ്റ് തീരുമാനം ഉള്ളത് ;

(സി) സിൻഡിക്കേറ്റ് തീരുമാനത്തിന് വിരുദ്ധമായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേർ ; ആരെല്ലാം ;

(ഡി) സിൻഡിക്കേറ്റ് തീരുമാനത്തിന് വിരുദ്ധമായുള്ള നിയമനം ക്രമവിരുദ്ധമാണെന്ന് സർക്കാരിന്റെ ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(എഫ്) ഇതുസംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സർവ്വകലാശാലയ്ക്ക് കത്ത് അയച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly